പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3854 — 24.06.2014 ലെ മറുപടിയ്ക്ക്

## പ്രൈസ്ഡ് വരിക്കാരിൽനിന്നും പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ-യിൽ നിലവിൽ പ്രൈസ്ഡ് വരിക്കാരിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട കുടിശ്ശിക എത്ര രൂപ വരും എന്നത് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അത് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | തിട്ടപ്പെടുത്തിയിട്ടുണ്ട്. |

| ജില്ല | 31-03-2014 വരെ |
|---|---|
| തിരുവനന്തപുരം | - 4843 ലക്ഷം |
| കൊല്ലം | - 2627 " |
| പത്തനംതിട്ട | - 637 " |
| കോട്ടയം | - 2179 " |
| ആലപ്പുഴ | - 621 " |
| എറണാകുളം | - 1595 " |
| ഇടുക്കി | - 211 " |
| തൃശ്ശൂർ | - 1549 " |
| പാലക്കാട് | - 1025 " |
| മലപ്പുറം | - 734 " |
| കോഴിക്കോട് | - 1653 " |
| വയനാട് | - 414 " |
| കണ്ണൂർ | - 713 " |
| കാസർക്കോട് | - 227 " |

| | | | |
|---|---|---|---|
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രൈസ്ഡ് വരിക്കാരിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ടതായ കുടിശ്ശിക എത്രയുണ്ട് ; വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് ജില്ലയിൽ പ്രൈസഡ് വരിക്കാരിൽ നിന്നും 1653 ലക്ഷം രൂപയാണ് പിരിഞ്ഞുകിട്ടുവാനുള്ളത്. ഇത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; എത്ര മാത്രം പുരോഗതി നേടി; എത്ര രൂപ പിരിച്ചെടുത്തു ? | (സി) | സാലറി സർട്ടിഫിക്കറ്റ്, എൽ ഐ സി പോളിസി, ഗോൾഡ്, വസ്തു ആധാരം, സ്ഥിര നിക്ഷേപങ്ങൾ മുതലായവയാണ് ജാമ്യമായി കെ.എസ്.എഫ്.ഇ-യിൽ സ്വീകരിച്ച് വരുന്നത്. മുടക്കം വരുന്ന പക്ഷം |

കുടിശ്ശികക്കാർക്കും ജാമ്യക്കാർക്കും മുടക്ക്
തവണകളുടെ അടിസ്ഥാനത്തിൽ വിവിധ
ഘട്ടങ്ങളിലായി ഓർഡിനറി നോട്ടീസ്, രജിസ്റ്റേർഡ്
നോട്ടീസ്, റിക്കവറി നോട്ടീസ്, ലീഗൽ നോട്ടീസ്
മുതലായവ അയയ്ക്കുന്നതും തുടർന്നും മുടക്കം
തീർക്കാത്ത പക്ഷം സാലറി റിക്കവറി/റവന്യൂ
റിക്കവറി നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.
31-12-2011-ന് മുൻപ് കുടിശ്ശിക വരുത്തിയവർക്ക്
ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം (OTS)
പലിശയിൽ ഇളവ് നൽകി കുടിശ്ശിക
ഈടാക്കുന്നുണ്ട്. കൂടാതെ അദാലത്തുകൾ വഴിയും
പലിശ ഇളവുകൾ നൽകി കുടിശ്ശിക ഈടാക്കി
വരുന്നുണ്ട്. റവന്യൂ റിക്കവറി മുഖേന 2013-14
സാമ്പത്തിക വർഷത്തിൽ 52.04 കോടി രൂപ
പിരിച്ചെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.